**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1031** **27-07-2021 - ൽ മറുപടിയ്ക്ക്**

**കേര ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സമഗ്ര നാളികേര കൃഷി വികസനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. തേങ്ങയുടെ ഉത്പാദനവും, തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കേര വികസന പദ്ധതികൾക്കായി 7547 ലക്ഷം രൂപ 2021-22 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പിലാക്കി വരുന്നു. കേരഗ്രാമം നടപ്പിലാക്കുവാനായി 4856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ/ കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃക |

| | | | |
|---|---|---|---|
| | | | ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി കേരകേരളം സമൃദ്ധ കേരളം എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും, തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേരമൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശില്പശാലയും 2016 മുതൽ തുടർച്ചയായി കൃഷി വകുപ്പ് സംഘടിപ്പിച്ചു വരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കേര ഗ്രാമം പദ്ധതിയിലൂടെ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. |

സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തിരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. 1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ38ലക്ഷം, LSGD ഷെയർ - 24 .5 ലക്ഷം) ഇതിൽതാഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു. (a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ് (b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ് (c) കുമ്മായം - 9 രൂപ/തെങ്ങ് (d) രാസവളം - 20 രൂപ/തെങ്ങ് (e) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ് (f) ജൈവവളം - 25 രൂപ/തെങ്ങ് (g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ് (h)ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ് (i) രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ് (j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ് (k) ഇടവിള കൃഷി - 6000രൂപ/ ഹെക്ടറിന് 2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ. 3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം. 4. 8 ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം. 5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ , മിനികയർനിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ ,പഞ്ചായത്തു തല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ. 6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ

| | | | |
|---|---|---|---|
| | | | പ്രവർത്തന ചെലവായി 15000/- രൂപ. 7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം. |
| (സി) | കേര ഗ്രാമം പദ്ധതിയിൽ തിരൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ; | (സി) | തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം, തലക്കാട്, തിരുനാവായ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളിലും ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു. തെങ്ങു കൃഷി മുഖ്യമായിട്ടുള്ളതും ചേർന്ന് കിടക്കുന്ന 250 ഹെക്ടർപ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയുമാണ് ഇതിനായി മുൻഗണന നൽകി തിരഞ്ഞെടുത്തു വരുന്നത്. |
| (ഡി) | നാളികേര സംഭരണത്തിലൂടെ സംസ്ഥാനത്ത് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ; കുടിശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | കേരളത്തിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖാന്തിരമാണ് നടത്തി വരുന്നത്. നാളികേര സംഭരണത്തിലെ ഭാഗമായി കർഷകർക്ക് കുടിശ്ശിക ഒന്നും നൽകാനില്ല. |
| (ഇ) | നാളികേരത്തിന്റെ താങ്ങുവിലയും നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുകയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഇ) | നാളികേരത്തിന്റെ താങ്ങുവില കിലോയ്ക്ക് 27 രൂപ നൽകിയിരുന്നത് 01-04-2021 മുതൽ കിലോയ്ക്ക് 32 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെ വില താങ്ങുവിലയേക്കാളും താഴ്ന്ന സാഹചര്യമുള്ള ജില്ലകളിൽ കേരഫെഡ് വഴി പച്ച തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന് കായ്ഫലമുള്ള തെങ്ങ് ഒന്നിന് 700 രൂപയും, കായ്ഫലമില്ലാത്ത തെങ്ങ് ഒന്നിന് 350 രൂപയും ഒരു വർഷം വരെ പ്രായമുള്ള തെങ്ങിൻ തൈകൾക്ക് 100 രൂപയുമാണ് പ്രകൃതി ക്ഷോഭ ദുരിതാശ്വസമായി നഷ്ടപരിഹാരം അനുവദിക്കുന്നത്. ഇതിന് പുറമേ സംസ്ഥാനവിള ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത ഒരു തെങ്ങിന് 2000 രൂപ നഷ്ടപരിഹാര തുക നൽകി വരുന്നു. നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (എഫ്) | 2018-2019, 2019-2020 - ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് | (എഫ്) | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തെ തെങ്ങു കൃഷിയുടെ വിസ്തീർണ്ണം 2018-19 ൽ 760947 |

| | | | |
|---|---|---|---|
| | നാളികേര കൃഷി ചെയ്യുന്നതെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | | ഹെക്ടറും 2019-20 ൽ 760776 ഹെക്ടറുമാണ് . ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -I**

| ക്രമ നമ്പർ | ജില്ല | 2019-20 തെങ്ങു കൃഷിയുടെ വിസ്തീർണ്ണം (ഹെക്ടർ) | 2018-19 തെങ്ങു കൃഷിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 70373 | 71157.95 |
| 2 | കൊല്ലം | 45348 | 45473.19 |
| 3 | പത്തനംതിട്ട | 16056 | 15815.74 |
| 4 | ആലപ്പുഴ | 34205 | 33755.11 |
| 5 | കോട്ടയം | 25221 | 25513.92 |
| 6 | ഇടുക്കി | 13613 | 14513.61 |
| 7 | എറണാകുളം | 40580 | 39275.29 |
| 8 | തൃശ്ശൂർ | 77785 | 79765.86 |
| 9 | പാലക്കാട് | 57428 | 55501.52 |
| 10 | മലപ്പുറം | 105381 | 104684.71 |
| 11 | കോഴിക്കോട് | 114865 | 115706.18 |
| 12 | വയനാട് | 9740.8 | 10121.33 |
| 13 | കണ്ണൂർ | 86877 | 83663.46 |
| 14 | കാസർഗോഡ് | 63303 | 65998.94 |